പതിമൂന്നാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.994** — 13/06/2013 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## സർക്കാർ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണവും പഠന നിലവാരവും

| ചോദ്യം | | ഉത്തരം നല്കേണ്ടിയിരുന്നത് |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ : | | പി.കെ.അബ്ദു റബ്ബ് (മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2013-14 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളെത്ര; ഇത് 2012-13 ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ; | (എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2012-13 വർഷം 2,59,174 കുട്ടികൾ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടി. 2013-14 വർഷം 2,49,442 കുട്ടികൾ പ്രവേശനം നേടിയിരുന്നു. |
| (ബി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 2013-14 അദ്ധ്യയന വർഷം എത്ര കുട്ടികൾ പഠിക്കുന്നു; ആയത് 2012-13 ൽ എത്രയായിരുന്നു; വ്യക്തമാക്കുമോ; | (ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2013-14 അധ്യയന വർഷം 34,81,335 കുട്ടികൾ പഠിക്കുന്നു. 2012-13 വർഷത്തിൽ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലായി 36,11,313 കുട്ടികൾ പഠിച്ചിരുന്നു. |
| (സി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾ സി ബി എസ് ഇ/ഐ സി എസ് ഇ/ഐ എസ് സി വിഭാഗത്തിലേക്ക് കൊഴിഞ്ഞു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ എണ്ണമെത്ര; ഇതിൽ എത്ര അദ്ധ്യാപകരുടെ മക്കൾ സി ബി എസ് ഇ/ഐ സി എസ് ഇ/ഐ എസ് സി എന്നിവയിലൂടെ വിദ്യാഭ്യാസം ഇപ്പോൾ നടത്തി വരുന്നു; വ്യക്തമാക്കുമോ; | (ഡി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 1,54,724 അധ്യാപകരുണ്ട്. അധ്യാപകരുടെ മക്കൾ പഠിക്കുന്ന സ്കൂളുകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. |

| | | |
|---|---|---|
| (ഇ) | മതിയായ അദ്ധ്യയനം ലഭ്യമല്ലാത്ത തിനാലാണ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നും മറ്റ് മേഖലകളിലേക്ക് രക്ഷകർത്താക്കൾ കുട്ടികളെ മാറ്റുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കാനായി ഇംഗ്ലീഷ് പ്രധാന വിഷയമായി യോഗ്യത നേടിയ എത്ര അദ്ധ്യാപകരാണ് നിലവിലുള്ളത്; ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം ഉള്ള എത്ര അദ്ധ്യാപകരാണ് ആകെ വേണ്ടത്; വിശദമാക്കുമോ; | (എഫ്) ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കാനായി 5709 അധ്യാപകർ ഉണ്ട്. ആകെ വേണ്ട അധ്യാപകരുടെ എണ്ണം കണക്കാക്കുന്നത് വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ്. |
| (ജി) | സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് ശാസ്ത്രീയമായ സർവ്വേ നടത്തുന്ന 'പ്രഥം' എന്ന ഏജൻസിയുടെ 2012-ലെ ആന്വൽ സ്റ്റാറ്റസ് ഓഫ് എജ്യൂക്കേഷൻ റിപ്പോർട്ട് (അസർ) പ്രകാരം കേരളം ഓരോ വിഭാഗത്തിലും എത്രാമത്തെ സ്ഥാനത്താണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ജി) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## Annual Status of Education Report (ASER) 2012. Performance of Kerala

| വിഭാഗം | Pvt School | Out of School | Std I-II Learning Levels | | Std III-V: Learning Levels | |
|---|---|---|---|---|---|---|
| | % Children (6-14) | % Children (6-14) in pvt. School | % Children (Std 1-II) who can read letters, words or more | % Children (Std I-II who can recognize numbers (1-9) or more | % Children (Std III-V) who can read Level 1 (Std 1) text or more | % Children (Std III-V) who can do |
| കേരളത്തിന്റെ സ്ഥാനം | 2 | 19 | 3 | 2 | 2 | 4 |